**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - പഞ്ചായത്ത് വകുപ്പിൽ ജോയിന്റ് ഡയറക്ടർ തസ്തികയിലേയ്ക്ക് ചട്ടങ്ങളിൽ ഇളവ് വരുത്തി താൽക്കാലിക സ്ഥാനക്കയറ്റം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.1468/2019/തസ്വഭവ തീയതി, തിരുവനന്തപുരം, 15.07.2019

---

പരാമർശം: 1. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഒ.എ.(ഇകെഎം) നം.227/2019-ലെ എം.എ.(ഇകെഎം) 777/2019 -മേലുള്ള 09.04.2019-ലെ ഇടക്കാല ഉത്തരവ്

2. ശ്രീ. ഹിൽക്ക് രാജ് ആർ.എ. സമർപ്പിച്ച 04.06.2019-ലെ അപേക്ഷ

3. പഞ്ചായത്ത് ഡയറക്ടറുടെ 02.07.2019-ലെ പി.എ.എൻ./7736/2019/ഇ 11(ഡിപി) നമ്പർ കത്ത്

**ഉത്തരവ്**

പഞ്ചായത്ത് വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടറായ ശ്രീ. ഹിൽക്ക് രാജ് ആർ.എ. പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷയിൽ തന്റേതല്ലാത്ത കാരണത്താൽ പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ തസ്തികയിലേക്കുള്ള സെലക്ട് ലിസ്റ്റിൽ താൻ ഉൾപ്പെട്ടിട്ടില്ലെന്നും നിലവിൽ ജോയിന്റ് ഡയറക്ടറുടെ ഒഴിവ് വന്നിട്ടുണ്ടെന്നും ജോയിന്റ് ഡയറക്ടർ തസ്തികയിലേക്കുള്ള പ്രൊമോഷന് താൻ യോഗ്യനാണെന്നും 2019 ജൂലൈ 31 ന് സേവനത്തിൽ നിന്നും വിരമിക്കാനിരിക്കുന്ന തനിക്ക് പ്രൊമോഷൻ നൽകാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്നും അപേക്ഷിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 12.02.2019-ൽ കൂടിയ ഡി.പി.സി. യിൽ ശ്രീ. ഹിൽക്ക് രാജ് ആർ.എ. യെ ജോയിന്റ് ഡയറക്ടർ തസ്തികയിലെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് ശുപാർശ സമർപ്പിച്ചിരുന്നുവെങ്കിലും ഏപ്രിൽ മാസം വരെയുള്ള പ്രതീക്ഷിത ഒഴിവിലേക്കുള്ള സെലക്ട് ലിസ്റ്റ് മാത്രമേ തയ്യാറാക്കിയിട്ടുണ്ടായിരുന്നുള്ളു. ശ്രീ. ഹിൽക്ക് രാജ് ആർ.എ.യുടെ ഫീഡർ കാറ്റഗറിയിലെ പ്രൊബേഷൻ പ്രഖ്യാപിച്ച് ഉത്തരവായിട്ടുണ്ട്. അദ്ദേഹത്തിനെതിരെ വിജിലൻസ് കേസുകളോ അച്ചടക്ക നടപടികളോ നിലവിലില്ല. കഴിഞ്ഞ മൂന്ന് വർഷത്തെ ആന്വൽ കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

**3.** ശ്രീ. ഹിൽക് രാജ് ആർ.എ.യുടെ അപേക്ഷയിന്മേൽ പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

**4.** 2019 ജൂലൈ മാസം 31 ന് സേവനത്തിൽ നിന്നും വിരമിക്കുന്ന ശ്രീ. ഹിൽക് രാജ് ആർ.എ.യുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ, മാനുഷിക പരിഗണന നൽകി ഇത് ഒരു പ്രത്യേക കേസായി കണക്കാക്കി താത്കാലിക സ്ഥാനക്കയറ്റം നടത്തുന്നതിനുള്ള വിലക്കിൽ ഇളവ് വരുത്തി പരാമർശം (1) ഉത്തരവിലെ അന്തിമവിധിയ്ക്കു വിധേയമായി KS&SSR ഭാഗം II ചട്ടം 31 (a) (i) പ്രകാരം

പഞ്ചായത്ത് വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടറായ ശ്രീ. ഹിൽക്ക് രാജ് ആർ.എ.യ്ക്ക് ജോയിന്റ് ഡയറക്ടർ തസ്തികയിൽ 77400 – 115200/- രൂപ ശമ്പള സ്കെയിലിൽ 30.06.2019-ൽ ഉണ്ടായ ഒഴിവിലേക്ക് താത്കാലിക സ്ഥാനക്കയറ്റം നൽകി പഞ്ചായത്ത് വകുപ്പിൽ ജനന-മരണ ചീഫ് രജിസ്ട്രാർ ആയി നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഷീബ ബി.**
ഡെപ്യൂട്ടി സെക്രട്ടറി

1. ശ്രീ. ഹിൽക്ക് രാജ് ആർ.എ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
4. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
5. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി1/120/2019/തസ്വഭവ)

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

**പകർപ്പ്:** 1. ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
2. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
4. തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
5. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്